7. ആംബുലൻസുകളുടെ വേഗപരിധി

ശ്രീ. അൻവർ സാദത്ത്: സർ, രോഗികളെയും അപകടത്തിൽ ഗുരുതരമായി പരിക്കേറ്റവരെയും എത്രയുംവേഗം ആശുപത്രിയിൽ എത്തിക്കുന്നതിനുവേണ്ടി വേഗതയിൽ പോകുന്ന ആംബുലൻസുകളുടെ അമിത വേഗതയുടെ പേരിലും സിഗ്നൽ തെറ്റായി കട്ട് ചെയ്യുന്നതിന്റെ പേരിലും പലപ്പോഴും അമിതമായ പിഴയാണ് ഈടാക്കുന്നത്. അപകടത്തിൽപെടുന്നവരെയും രോഗികളെയും എത്രയും വേഗത്തിൽ ആശുപത്രിയിലെത്തിച്ച് ജീവൻ, രക്ഷിക്കുക എന്ന ദൗത്യമാണ് ആംബുലൻസ് ഡ്രൈവർമാർ ചെയ്യുന്നത്. വേഗത്തിൽ വാഹനം ഓടിച്ചാൽ മാത്രമേ കൃത്യസമയത്ത് രോഗികളെ ആശുപത്രിയിൽ എത്തിക്കുവാൻ കഴിയുകയുള്ളൂ. ഹൈവേകളിലും പ്രമുഖ ജംഗ്ഷനുകളിലും സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ ഈ ദൃശ്യം പകർത്തുകയും വേഗപരിധി ലംഘിക്കുന്നതുകൊണ്ടുള്ള കുറ്റത്തിന് പിഴ ഈടാക്കുകയും ചെയ്യുന്നു. അതുപോലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലെ സിഗ്നലുകൾ ആംബുലൻസുകൾ മറികടക്കേണ്ട സാഹചര്യമുണ്ടാകുന്നു. ദിവസംതോറും രണ്ടുമൂന്നു തവണ വേഗപരിധി ലംഘിക്കുന്നതിന്റെയും തെറ്റായി സിഗ്നൽ കട്ട് ചെയ്യുന്നതിന്റെയും പേരിൽ വലിയ പിഴയാണ് വളരെ പാവപ്പെട്ടവരും ദിവസക്കൂലിക്കാരുമായ ആംബുലൻസ് ഡ്രൈവർമാരിൽനിന്നും ഈടാക്കുന്നത്. അതുപോലെ ഇവർക്ക് മിനിമം വേജസ് ഏർപ്പെടുത്തിയാൽ അതൊരു വലിയ കാര്യംതന്നെയാണ്. കാരണം വളരെ കഠിനാദ്ധ്വാനമുള്ള ഒരു ജോലിയാണ് ആംബുലൻസ് ഡ്രൈവർമാർ ചെയ്യുന്നത്. അതുകൊണ്ട് ഇവർക്ക് മിനിമം വേജസ് കൊടുക്കണം. എല്ലാ സ്ഥാപനങ്ങളിലും വാഹനമോടിക്കുന്ന ഡ്രൈവർമാർ ഇത്ര മണിക്കൂർ മാത്രമേ ഡ്യൂട്ടി ചെയ്യാൻ പാടുള്ളൂ എന്നതരത്തിൽ ഒരു സമയക്രമീകരണം ഏർപ്പെടുത്തണം. കാരണം രാത്രിയും പകലും തുടർച്ചയായി വണ്ടിയോടിക്കുമ്പോൾ ചില സമയങ്ങളിൽ ആംബുലൻസ് പോലും അപകടത്തിൽപെട്ടുപോകുന്ന സാഹചര്യമുണ്ടാകുന്നു. ഇവരുടെ ഉറക്കക്ഷീണമൊക്കെയാണ് പലപ്പോഴും അപകടസാധ്യതകൾ കൂടുതലുണ്ടാക്കുന്നത്. അതുകൊണ്ട് അവരുടെ ഡ്യൂട്ടി സമയത്തിനുള്ളിൽ ഒരു കോമൺസ്ട്രാറ്റജി ഏർപ്പെടുത്തണം. മിനിമം വേജസ് നിർബന്ധമാക്കണം. മനുഷ്യജീവൻ രക്ഷിക്കുക എന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ആംബുലൻസുകളെ വേഗപരിധിയുടെ കാര്യത്തിലും അനധികൃതമായി സിഗ്നൽ കട്ട് ചെയ്യുന്നു എന്നതിന്റെപേരിലും പിഴ ഈടാക്കുന്നതിൽനിന്നും ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങിവിടെ സൂചിപ്പിച്ചത് രണ്ടു പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളാണ്. ഒന്ന്, ആംബുലൻസിന്റെ വേഗത കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകരുത്. രണ്ട്, വേഗത കൂട്ടിയാൽ അതിന്റെ പിഴ ഈടാക്കരുത്. അതോടൊപ്പം തന്നെ ട്രാഫിക് സിഗ്നലുകളിലും അവർക്ക് ഒരു പ്രയോറിറ്റി കിട്ടണം. 1958-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 138(2)ഡി പ്രകാരം ആംബുലൻസുകളെയും സംസ്ഥാന സർക്കാരിന്റെ മറ്റ് പ്രത്യേക വിഭാഗത്തിൽപ്പെട്ട വാഹനങ്ങളെയും മോട്ടോർ വാഹന വകുപ്പിന്റെ എട്ടാം അധ്യായത്തിൽ നിഷ്കർഷിച്ചിരിക്കുന്ന നിയമങ്ങളിൽനിന്നും ഒഴിവാക്കാവുന്നതാണ്. അതാണ് സ്റ്റാന്റ്. അതോടൊപ്പംതന്നെ നിയമപരിധി ലംഘിക്കുക എന്നതിൽ, ആംബുലൻസുകളെ വേഗതാപരിധിയിൽ നിന്ന് ചട്ടപ്രകാരം ഇപ്പോൾ ഒഴിവാക്കിയിട്ടില്ല. അതുകൊണ്ട് അവരിൽനിന്ന് പിഴ ഈടാക്കാമെന്നുള്ളതാണ് എക്സിസ്റ്റ് ചെയ്യുന്ന ഒരു സമ്പ്രദായം. അതൊഴിവാക്കാവുന്ന ഒരു നിലയിലാണ്. ഇതിന്റെ വേഗപരിധിയിൽനിന്നും ആംബുലൻസുകൾ, ഉയർന്ന പരിധിയിൽ വരുന്ന വാഹനങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി ഗതാഗത കമ്മീഷണർ സമർപ്പിച്ച ഒരു നിർദ്ദേശം ഇപ്പോൾ നിയമവകുപ്പിന്റെ പരിധിയിലുണ്ട്. ആ പരിശോധന കൂടി പൂർത്തിയാക്കി നിയമവകുപ്പുമായി ആലോചിച്ച് അങ്ങ് ഇവിടെ നിർദ്ദേശിച്ച പ്രകാരം പരമാവധി ഒരു വിട്ടുവീഴ്ച ചെയ്യുന്നതിനുവേണ്ടി നടപടി എടുക്കുന്നതാണ്. ഒരു മനുഷ്യ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ആശുപത്രിയിലേയ്ക്ക് തിടുക്കത്തിൽ കൊണ്ടുപോകുന്ന സാഹചര്യത്തിൽ ആംബുലൻസിലിരിക്കുന്ന ആളുകൾതന്നെ വേഗത്തിൽ പോകാൻ ഡ്രൈവറെ പ്രോത്സാഹിപ്പിക്കും. അപ്പോൾ അവർക്ക് നിവൃത്തിയില്ലാത്ത ഒരു ഘട്ടം വരും. മാത്രമല്ല, ഒരു ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സേഫ് റോഡ് നമുക്കില്ലാത്തിടത്തോളംകാലം ഈ വാഹനങ്ങൾ കടത്തിവിടുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. സാധാരണ ഗതിയിൽ ഈ വാഹനത്തിന്റെ ഹോൺ കേട്ടാൽ എല്ലാവരും മാറിക്കൊടുക്കുകയാണ് പതിവ്. മറ്റ് വാഹനങ്ങൾ മാറിക്കൊടുക്കുന്നതുകൊണ്ട് വേഗത്തിൽ പോകാൻ കഴിയും. ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി എന്നുള്ള നിലയിൽ അതിനെ നിയമ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്. അങ്ങ് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ലേബർ ഡിപ്പാർട്ട്മെന്റ് കൂടി സഹകരിച്ചെങ്കിൽ മാത്രമേ ഈ രണ്ടു കാര്യങ്ങൾക്കും നീക്കുപോക്ക് ഉണ്ടാകുകയുള്ളൂ. ഈ ആംബുലൻസുകളെല്ലാം സ്വകാര്യ വ്യക്തികളുടേയും സ്ഥാപനങ്ങളുടേതുമാണ്. അങ്ങനെയുള്ള സ്ഥലത്ത് ഒരു മിനിമം വേജസ് തീരുമാനിക്കണമെങ്കിൽ ലേബർ ഡിപ്പാർട്ടുമെന്റാണ് അതിന്റെ ചർച്ച ആരംഭിക്കേണ്ടത്. സ്വാഭാവികമായിട്ടും ലേബർ ഡിപ്പാർട്ട്മെന്റ് അതിനുവേണ്ടി ഇനിഷ്യേറ്റീവ് എടുക്കും എന്നുതന്നെയാണ് എന്റെ വിശ്വാസം. അങ്ങ് ഇവിടെ സൂചിപ്പിച്ച ഒരു കാര്യം വളരെ കറക്ടാണ്. അവർ രാവുംപകലുമില്ലാതെ വണ്ടി ഓടിച്ച് കഷ്ടപ്പെടേണ്ടിവരുന്നു. ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂഷൻസിനും അക്കാര്യത്തിൽ അതിന്റേതായ ബാധ്യതയുണ്ട്. ഏതായാലും ഈ വേഗപരിധിയെക്കുറിച്ച് നിയമപ്രശ്നങ്ങളും കൂടി നോക്കി ഗവൺമെന്റ് നിശ്ചയമായും ഒരു തീരുമാനമെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly